**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് — മലപ്പുറം ജില്ല, നിലമ്പൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 93, സർവ്വേ നം 84/16 ൽപ്പെട്ട, നിലമ്പൂർ നഗരസഭ വക ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന് കിടക്കുന്ന ശ്രീ ജോൺ ക്രിസ്റ്റഫർ എന്നയാളുടെ വസ്തുവിലേക്ക് നഗരസഭ വക വഴിയുടെ പൊതു ഉപയോഗാനുമതി നൽകുന്നതിനും, ആയതിന് പ്രതിഫലമായി ടിയാന്റെ 2 1/2 സെന്റ്(രണ്ടര സെന്റ്) സ്ഥലം ബസ് സ്റ്റാന്റ് വികസനത്തിനായി സ്വീകരിക്കുന്നതിനും നിലമ്പൂർ നഗരസഭയ്ക്ക് അനുവാദ അനുമതി നൽകൽ — ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ) നം. 3212 /2016 /തസ്വഭവ തിരുവനന്തപുരം, തീയതി, 25/11/2016.

---

പരാമർശം: 1. നിലമ്പൂർ നഗരസഭാ കൗൺസിലിന്റെ 26.04.2013 ലെ 27(3)- ാം നമ്പർ തീരുമാനം.

2. നഗരകാര്യ ഡയറക്ടറുടെ 04-03-2015 ലെ ജി3 - 26821/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ, നിലമ്പൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 93, സർവ്വേ നം. 84/16 ൽപ്പെട്ട, ശ്രീ ജോൺ ക്രിസ്റ്റഫർ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും നിലമ്പൂർ നഗരസഭ വക ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന് കിടക്കുന്നതുമായ വസ്തുവിലേക്ക് മൂന്നു മീറ്റർ വീതിയുള്ള നഗരസഭ വക വഴിയുടെ പൊതുഉപയോഗാനുമതി നൽകുന്നതിനും, പ്രതിഫലമായി പരാമർശിത വസ്തുവിലെ നഗരസഭ വക ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭാഗത്തു നിന്ന് 2 1/2 സെന്റ് സ്ഥലം ബസ് സ്റ്റാന്റ് വികസനത്തിനായി സ്വീകരിക്കുന്നതിനും നിലമ്പൂർ നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിന് സർക്കാർ അനുമതി നൽകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വഴിയുടെ ഉടമസ്ഥാവകാശം നഗരസഭയിൽ തന്നെ നിലനിൽക്കുന്നതായിരിക്കുമെന്നും, പൊതുജനങ്ങൾ ടി വഴി ഉപയോഗിക്കുന്നത് അനുഭവാവകാശക്കാരൻ ഒരുവിധത്തിലും തടസപ്പെടുത്തുവാൻ പാടില്ല എന്നുമുള്ള വ്യവസ്ഥയിൽ, നിലമ്പൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 93, സർവ്വേ നം. 84/16 ൽപ്പെട്ട, ശ്രീ ജോൺ ക്രിസ്റ്റഫർ എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേക്ക് മൂന്നു മീറ്റർ വീതിയുള്ള നഗരസഭ വക വഴിയുടെ പൊതുഉപയോഗാനുമതി ഈസ്മെന്റ് അവകാശമെന്ന നിലയിൽ ടിയാന് നൽകുന്നതിനും, പ്രതിഫലമായി പരാമർശിത വസ്തുവിലെ നഗരസഭ വക ഭൂമിയോട്

ചേർന്ന് കിടക്കുന്ന ഭാഗത്തു നിന്ന് 2 1/2 സെന്റ്(രണ്ടര സെന്റ്) സ്ഥലം ബസ് സ്റ്റാന്റ് വികസനത്തിനായി സ്വീകരിക്കുന്നതിനും, നിലമ്പൂർ നഗരസഭയ്ക്ക് അനുവാദ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, നിലമ്പൂർ നഗരസഭ, മലപ്പുറം.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ